പന്ത്രണ്ടാം കേരള നിയമസഭ

ബിൽ നമ്പർ 327

# 2010-ലെ കേരള പഞ്ചായത്ത് രാജ് (ഭേദഗതി) ബിൽ

©
കേരള നിയമസഭാ സെക്രട്ടേറിയറ്റ്
2010

കേരള നിയമസഭാ പ്രിന്റിംഗ് പ്രസ്സ്.

പന്ത്രണ്ടാം കേരള നിയമസഭ

ബിൽ നമ്പർ 327

# 2010-ലെ കേരള പഞ്ചായത്ത് രാജ് (ഭേദഗതി) ബിൽ

244/2010.

പന്ത്രണ്ടാം കേരള നിയമസഭ

ബിൽ നമ്പർ 327

# 2010-ലെ കേരള പഞ്ചായത്ത് രാജ് (ഭേദഗതി) ബിൽ

1994-ലെ കേരള പഞ്ചായത്ത് രാജ്
ആക്റ്റ് വീണ്ടും ഭേദഗതി
ചെയ്യുന്നതിനുള്ള

ഒരു

ബിൽ

പീഠിക.—1994-ലെ കേരള പഞ്ചായത്ത് രാജ് ആക്റ്റ് (1994-ലെ 13) ഇതിനുശേഷം കാണുന്ന ആവശ്യങ്ങൾക്കായി വീണ്ടും ഭേദഗതി ചെയ്യുന്നത് യുക്തമായിരിക്കുന്നതിനാൽ ;

ഇൻഡ്യൻ റിപ്പബ്ലിക്കിന്റെ അറുപത്തി ഒന്നാം സംവൽസരത്തിൽ താഴെ പറയും പ്രകാരം നിയമമുണ്ടാക്കുന്നു :—

1. ചുരുക്കപ്പേരും പ്രാരംഭവും.—(1) ഈ ആക്റ്റിന് 2010-ലെ കേരള പഞ്ചായത്ത് രാജ് (ഭേദഗതി) ആക്റ്റ് എന്ന് പേര് പറയാം.

(2) ഇത് ഉടൻ പ്രാബല്യത്തിൽ വരുന്നതാണ്.

2. 154-ാം വകുപ്പിനുള്ള ഭേദഗതി.—1994-ലെ കേരള പഞ്ചായത്ത് രാജ് ആക്റ്റിലെ (1994-ലെ 13) 154-ാം വകുപ്പിൽ (2)-ാം ഉപവകുപ്പിനുശേഷം താഴെ പറയുന്ന ഉപവകുപ്പ് ചേർക്കേണ്ടതാണ്, അതായത് :—

"(3) പഞ്ചായത്തിന്റെ പ്രസിഡന്റോ വൈസ് പ്രസിഡന്റോ തന്റെ ഉദ്യോഗത്തിന്റെ ചാർജോ അല്ലെങ്കിൽ പഞ്ചായത്തിൽ നിക്ഷിപ്തമായതോ അതിന്റെ വകയായതോ ആയതും തന്റെ കൈവശത്തിലോ നിയന്ത്രണത്തിലോ ഉള്ളതും അല്ലെങ്കിൽ വന്നു ചേർന്നിട്ടുള്ളതുമായ ഏതെങ്കിലും രേഖകളോ ഏതെങ്കിലും പണമോ മറ്റു വസ്തുക്കളോ പ്രസിഡന്റ് എന്ന നിലയിലോ വൈസ് പ്രസിഡന്റ് എന്ന നിലയിലോ ഉള്ള തന്റെ ഉദ്യോഗ കാലാവധി അവസാനിച്ചാലുടനെയും, കൂടാതെ വൈസ് പ്രസിഡന്റിന്റെ സംഗതിയിൽ, പ്രസിഡന്റ് ആവശ്യപ്പെട്ടാലുടനെയും, ഉദ്യോഗത്തിൽ വരുന്ന തന്റെ പിൻഗാമിക്കോ നിർണ്ണയിക്കപ്പെട്ട മറ്റ് അധികാരസ്ഥനോ ഏൽപ്പിച്ചു കൊടുക്കാൻ വിസമ്മതിക്കുകയാണെങ്കിൽ, അങ്ങനെയുള്ള പ്രസിഡന്റിനോ വൈസ് പ്രസിഡന്റിനോ, കുറ്റസ്ഥാപനത്തിൻമേൽ ആ കുറ്റത്തിന് പതിനായിരം രൂപയിൽ കവിയാത്ത പിഴ ശിക്ഷ നൽകേണ്ടതാണ്.".

## ഉദ്ദേശ്യകാരണങ്ങളുടെ വിവരണം

1994-ലെ കേരള മുനിസിപ്പാലിറ്റി ആക്റ്റ് 512-ാം വകുപ്പ് 3-ാം ഉപവകുപ്പ് പ്രകാരം മുനിസിപ്പാലിറ്റിയുടെ ചെയർപേഴ്സണോ ഡെപ്യൂട്ടി ചെയർപേഴ്സണോ തന്റെ കൈവശമുള്ള ഏതെങ്കിലും രേഖകളോ പണമോ മറ്റു വസ്തുക്കളോ ചെയർപേഴ്സനെന്ന നിലയിലോ ഡെപ്യൂട്ടി ചെയർപേഴ്സണെന്ന നിലയിലോ ഉള്ള തന്റെ ഉദ്യോഗക്കാലാവധി അവസാനിച്ചാലുടനെയും, ഡെപ്യൂട്ടി ചെയർപേഴ്സന്റെ സംഗതിയിൽ, ചെയർപേഴ്സൻ ആവശ്യപ്പെടുന്നതോടുകൂടെയും ഉദ്യോഗത്തിൽ വരുന്ന തന്റെ പിൻഗാമിക്കോ നിർണ്ണയിക്കപ്പെട്ട മറ്റ് അധികാരസ്ഥനോ ഏൽപ്പിച്ചുകൊടുക്കാൻ വിസമ്മതിക്കുകയാണെങ്കിൽ, കുറ്റസ്ഥാപനത്തിൻമേൽ അങ്ങനെയുള്ള കുറ്റത്തിന് പതിനായിരം രൂപയിൽ കവിയാത്ത പിഴ ശിക്ഷ നൽകാമെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. ഇത്തരമൊരു വ്യവസ്ഥ 1994-ലെ കേരള പഞ്ചായത്ത് രാജ് ആക്റ്റിൽ ചേർത്തിട്ടില്ലാത്തതിനാൽ പല പഞ്ചായത്തുകളിലും സ്ഥാനമൊഴിഞ്ഞ പ്രസിഡന്റുമാരും വൈസ് പ്രസിഡന്റുമാരും തങ്ങളുടെ പക്കലുള്ള രേഖകൾ യഥാസമയം തിരിച്ചേൽപ്പിക്കുന്നതിൽ വേണ്ടത്ര ജാഗ്രത പുലർത്തുന്നില്ല എന്നത് ശ്രദ്ധയിൽപ്പെട്ടതിനെ തുടർന്ന്, 1994-ലെ കേരള മുനിസിപ്പാലിറ്റി ആക്റ്റ് 512-ാം വകുപ്പ് (3)-ാം ഉപവകുപ്പിന് സമാനമായ വ്യവസ്ഥ 1994-ലെ കേരള പഞ്ചായത്ത് രാജ് ആക്റ്റ് 154-ാം വകുപ്പിൽ ചേർത്തുകൊണ്ട് കേരള പഞ്ചായത്ത് രാജ് ആക്റ്റ് ഭേദഗതി ചെയ്യാൻ സർക്കാർ തീരുമാനിച്ചു.

മേൽപ്പറഞ്ഞ ലക്ഷ്യം നിറവേറ്റുന്നതിനായി 1994-ലെ കേരള പഞ്ചായത്ത് രാജ് ആക്റ്റിൽ ഭേദഗതി വരുത്തുവാൻ ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ബിൽ.

## ധനകാര്യമെമ്മോറാണ്ടം

ഈ ബിൽ നിയമമാക്കുകയും പ്രാബല്യത്തിൽ കൊണ്ടുവരികയും ചെയ്താൽ സംസ്ഥാന സഞ്ചിതനിധിയിൽനിന്ന് യാതൊരു ചെലവും ഉണ്ടാകുന്നതല്ല.

**പാലോളി മുഹമ്മദ് കുട്ടി**

## 1994-ലെ കേരള പഞ്ചായത്ത് രാജ് ആക്റ്റിൽ നിന്നുള്ള പ്രസക്ത ഭാഗം (1994-ലെ 13)

154. ആഫീസിന്റെ ചാർജ് ഏൽപ്പിക്കുവാൻ ഉദ്യോഗത്തിൽനിന്നും പിരിയുന്ന പ്രസിഡന്റ്, മുതലായവർക്കുള്ള ചുമതല.—(1) ഒരു പുതിയ പ്രസിഡന്റോ വൈസ് പ്രസിഡന്റോ തിരഞ്ഞെടുക്കപ്പെടുമ്പോൾ, ഉദ്യോഗത്തിൽനിന്നു പിരിയുന്ന പ്രസിഡന്റോ വൈസ് പ്രസിഡന്റോ, അതതു സംഗതിപോലെ, യഥാക്രമം തങ്ങളുടെ ഔദ്യോഗിക സ്ഥാനങ്ങളുടെ ചുമതല ആ ആളെ ഏൽപ്പിച്ചുകൊടുക്കേണ്ടതും തന്റെ അധീനതയിലുണ്ടായിരുന്ന ബന്ധപ്പെട്ട പഞ്ചായത്തുവക രേഖകളും വസ്തുക്കളും ആ ആളെ ഏൽപ്പിക്കേണ്ടതുമാകുന്നു.

(2) പിരിഞ്ഞുപോകുന്ന ഒരംഗം തന്റെ ഔദ്യോഗിക സ്ഥാനത്തിന്റെ ചുമതല ഏൽപ്പിക്കുന്ന കാര്യത്തിലും (1)-ാം ഉപവകുപ്പിലെ വ്യവസ്ഥകൾ, ആവശ്യമുള്ള മാറ്റങ്ങളോടെ ബാധകമാകുന്നതാണ്.